## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3165 13/03/2017-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി ലൈഫിന്റെ വിശദാംശം നൽകാമോ ; | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത/ഭവനരഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. ലൈഫ് മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം, കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും അപ്പീലുകൾ കേട്ടശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. തുടർന്ന് ഭവനരഹിതരായവരിൽ സ്ഥലമുള്ളവർക്ക്, സാമ്പത്തിക സഹായം നൽകി സ്വന്തം സ്ഥലത്ത് ഭവനം നിർമ്മിക്കുന്നതിനും, സ്ഥലമില്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അവിടെ ഭവനങ്ങൾ ഒരുക്കി നൽകാനുമാണ് മിഷൻ ശ്രമിക്കുന്നത്. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്താനുള്ള പരിശോധന പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) | സർവ്വേ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ ഉദ്യോഗസ്ഥരുടെ മേൽപരിശോധന നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഗുണഭോക്താക്കളെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (സി) | ഭവനരഹിതരായ എല്ലാവരും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തിവരികയാണ്.<br>**<u>ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം താഴെ പറയുന്നവയാണ്.</u>**<br>1) ഭൂമിയുള്ള ഭവനരഹിതർ<br>2) ഭൂരഹിത-ഭവനരഹിതർ<br>3) പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താത്ക്കാലിക ഭവനം ഉള്ളവർ<br>4) ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ. |
| (ഡി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തുകയാണ് ആവശ്യമെന്നും തുക എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ ; | (ഡി) | പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ചിട്ടില്ല. ആയതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ. വിവിധ വകുപ്പുകളുടെ സ്കീമുകളെ തദ്ദേശ ഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിപ്പിക്കും. കേന്ദ്രാവിഷ്കൃത /സ്കീമുകളുടെ ധനസഹായം, ഭവന നിർമ്മാണത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന കുറഞ്ഞ പലിശയ്ക്കുള്ള വായ്പ, സംഭാവന, സി.എസ്.ആർ ഫണ്ട്, വാണിജ്യ വായ്പ തുടങ്ങിയവയെല്ലാം സംയോജിപ്പിച്ചു കൊണ്ടായിരിക്കും പദ്ധതിക്കുള്ള വിഭവ സമാഹരണം കണ്ടെത്തുക. |
| (ഇ) | കേരളത്തിൽ ഇപ്പോൾ വീടില്ലാത്ത എത്ര പേരുണ്ടെന്ന കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ഭവനരഹിതരായ എല്ലാവർക്കും ഈ പദ്ധതി അനുസരിച്ച് വീട് നൽകുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | സർവ്വേ നടപടി പൂർത്തിയാക്കിയെങ്കിലും പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരുടെ മേൽ പരിശോധന നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. എല്ലാ അർഹരായ ഭവനരഹിതർക്കും ഭവനം നൽകുന്നതിനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ